

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

## *Laity Reflect on*
## Syro-Malabar Sunday Mass SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ദനഹാ ഏഴാം ഞായർ

2022 ഫെബ്രുവരി 13



# നിത്യജീവന്റെ അപ്പം, വിശ്വാസത്തിന്റെ ആപ്പിൽ

പുറപ്പാട് 16:13-21, രാജാ 19:1-8, 1, കോറി 10:14-21, യോഹ 6:47-59

'എന്റെ മച്ചാനെ, നമ്മളിന്നൊരു അടിപൊളി ഭക്ഷണമാണ് പരിചയപ്പെടാൻ പോകുന്നത്..... നല്ല കിടുക്കാച്ചി ടേസ്റ്റ്.....' യു ട്യൂബിലിപ്പോൾ ഇത്തരം ഡയലോഗുകളുമായി നിരവധി ഫുഡ് വ്‌ളോഗർമാരാണ് വൈറലായിക്കൊണ്ടിരിക്കുന്നത്. പല തരത്തിലും രുചിയിലുമുള്ള ഭക്ഷണങ്ങളുടെ വിപുലമായ ലോകമാണ് അവർ തുറന്നിടുന്നത്.....പലതിന്റെയും നിറവും മണവും ഗുണവും മാത്രമല്ല, പാചകരീതികളും വിശദമായി പ്രതിപാദിക്കാറുണ്ട്....

ഈശോ ഇന്നത്തെ സുവിശേഷത്തിൽ ഇതുപോലെ ഒരു അടിപൊളി ഭക്ഷണം നമ്മളെ പരിചയപ്പെടുത്തുന്നു: 'സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്, ആരെങ്കിലും ഈ അപ്പം ഭക്ഷിച്ചാൽ എന്നേക്കും ജീവിക്കും.....' ലോകത്തിന്റെ ജീവനുവേണ്ടി ക്രിസ്തു നൽകുന്ന ഭക്ഷണം തന്റെ ശരീരമാണ്. അതെ, ഇതൊരു പുതിയ ഓഫറാണ്... എന്നേക്കും ജീവിക്കാൻ പ്രാപ്തമാക്കുന്ന ഭക്ഷണം, ഒപ്പം പാനീയവുമുണ്ട്. അത് സ്വന്തം രക്തമാണ്. ഇതാണ് യഥാർത്ഥ ഭക്ഷണവും പാനീയവുമെന്ന് ക്രിസ്തു പറയുന്നു. അതിന് മുമ്പ് മരുഭൂമിയിൽ പെറുക്കി തിന്ന മന്നയും കടൽത്തീരത്ത് പെറുക്കി തിന്ന അപ്പവുമൊന്നും യഥാർത്ഥ ഭക്ഷണം ആയിരുന്നില്ല. ആ ഭക്ഷണം വയറിന്റെ വിശപ്പിനുമാത്രമുള്ളതാണ്. എന്നാൽ ആത്മീയ വിശപ്പിനെ പൂരിപ്പിക്കുന്ന ഭക്ഷണം ഇതാ തയ്യാറായിരിക്കുന്നു. ഒപ്പം കുടിക്കുന്നവന്റെ ഹൃദയത്തിൽ നിന്നും ജീവജലത്തിന്റെ അരുവികൾ പുറപ്പെടും വിധം സവിശേഷമായ പാനീയവും. 'ഇതുപോരെ മച്ചാനേ നമുക്ക്....'

കടൽത്തീരത്ത് വെച്ച് ക്രിസ്തു വർധിപ്പിച്ച അപ്പത്തിലാണ് ജനക്കൂട്ടം പ്രതീക്ഷവെക്കുന്നത്. കിണറ്റിൻ കരയിലെ സ്ത്രീയേപ്പോലെ ഒരിക്കലും



ജിജോ സിറിയക്

ദാഹിക്കാത്ത വെള്ളം കിട്ടിയാൽ രക്ഷപെട്ടു എന്ന മനോഭാവം. അത് ഭൗതികാസക്തികളുടെ അപ്പവും ജലവുമാണ്. അതിനായാണ് നാം പരക്കം പായുന്നത്. പിറ്റേന്നത്തേക്ക് മന്ന വാരി ശേഖരിച്ച ഇസ്രായേൽ ജനത്തേപ്പോലെയാണ് നാം. പിറ്റേന്നത് ഭക്ഷ്യയോഗ്യമല്ലാതായി മാറി. എന്നാൽ, നിത്യമായി നിലനിൽക്കുന്ന ആത്മീയ ഭോജനത്തിലേക്കാണ് ക്രിസ്തു നമ്മളെ ക്ഷണിക്കുന്നത്. ഫ്രാൻസീസ് പാപ്പ പറയും പോലെ വിശപ്പിന്റെയും ദാഹത്തിന്റെയും മാനുഷികാനുഭത്തിൽ നിന്നും നിത്യജീവന്റെ ദൈവീകാനുഭൂതിയിലേക്കുള്ള ക്ഷണമാണിത്. ഈ ദൈവികാനുഭൂതി പ്രാപിക്കാൻ വേണ്ടത് വിശ്വാസം മാത്രമാണ്. വിശ്വസിക്കുന്നവന് നിത്യജീവനുണ്ടെന്ന് അവിടുന്ന് അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു. സ്വിഗ്ഗിയും സൊമാറ്റോയും ഒന്നും ഉണ്ടായിട്ട് കാര്യമില്ല, വിശ്വാസമെന്ന ആപ്പ് ഹൃദയത്തിൽ ഡൗൺലോഡ് ചെയ്യണം. അപ്പോൾ ഓഡർ ചെയ്യാതതന്നെ തികച്ചും ഫ്രീയായി നിത്യജീവന്റെ അപ്പവും പാനീയവും നമുക്ക് ലഭിക്കും. വിശ്വസിക്കുന്നവനാണ് നിത്യജീവനുണ്ടാവുക എന്ന് കൃത്യമായി അവിടുന്ന് പറയുന്നുണ്ട്.

**വിശുദ്ധ കുർബാനയിലേക്കുള്ള ക്ഷണം**

വിശുദ്ധ കുർബാനയില്ലാതെ ലോകത്തിന് നിലനില്പില്ലെന്ന് വി.പാദ്രെ പിയോ നമ്മെ ഓർമിപ്പിക്കുന്നു. എല്ലാ കൂദാശകളുടെയും പൂർത്തീകരണാണത്. കുർബാന സ്ഥാപിച്ച അന്ത്യ അത്താഴ വേളയുടെ ഒരു ട്രെയിലർ എന്നു വിശേഷിപ്പിക്കാവുന്ന സംഭവഗതികളാണ് യോഹന്നാന്റെ സുവിശേഷം പ്രതിപാദിക്കുന്നത്. വിശ്വാസം വഴി യേശുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും ഓഹരി ഉടമകളായി നാം മാറുകയാണ്. യാഗ്യതയയോടെ വേണം ക്രിസ്തുവിന്റെ ബലിവേദിയായ ഗാഗുൽത്തായുടെ പ്രതീകമെന്ന് വിശേഷിപ്പിക്കാവുന്ന അൾത്താരയിലേക്ക് നാം അണയാൻ. അയോഗ്യതയോടെ




കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാനപാത്രത്തിൽ നിന്ന് കുടിക്കുകയും ചെയ്താൽ തന്റെ തന്നെ ശിക്ഷാവിധിയാണ് ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതെന്ന പൗലോസ് ശ്ലീഹയുടെ താക്കീത് ഓർക്കുന്നത് നന്നായിരിക്കും. ആത്മാവിലും സത്യത്തിലുമുള്ള ആരാധനയാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. അതിന്റെ പേരിൽ വ്യർത്ഥമായ വാഗ്വാദങ്ങളിലേക്കും വിവാദങ്ങളിലേക്കും പാരമ്പര്യ ചർച്ചകളിലേക്കുമൊക്കെ നാം പോകുന്നുണ്ടെങ്കിൽ അവിടുത്തെ മാംസരക്തങ്ങളെ ഒറ്റിക്കൊടുക്കുകയാണ് നാം ചെയ്യുന്നത്. ദിവ്യകാരുണ്യം ക്രിസ്തീയ ജീവിതത്തിന്റെ സത്തയും സാരാംശവുമാണെന്ന വി.ജോൺ പോൾ രണ്ടാമൻ പാപ്പയുടെ സന്ദേശം നാം മനസിൽ കരുതേണ്ടതാണ്.

അടുത്തയിടെ അപകടത്തിൽ പരിക്കേററ് കിടപ്പിലായ ഒരു യുവാവിനെ സന്ദർശിച്ചു. വീടിന് തൊട്ടടുത്ത് പള്ളിയുണ്ടായിട്ടും ഞായറാഴ്ചകളിൽ പോലും കുർബാനയ്ക്ക് പോയിരുന്നില്ല. അപൂർവമായി പോയാൽ പോലും പള്ളിക്കുള്ളിൽ പ്രവേശിക്കുകയോ ദിവ്യകാരുണ്യം സ്വീകരിക്കുകയോ ചെയ്തിരുന്നില്ല. അതേസമയം പുതിയ തരം ഫുഡ് ട്രൈ ചെയ്യാൻ കൂട്ടുകാർക്കൊപ്പം ദീർഘദൂരം വണ്ടിയോടിച്ച് പോയിരുന്നു. വീടിന്റെ ടെറസിൽ നിന്നും വീണ് കിടപ്പായപ്പോഴാണ് ദിവ്യകാരുണ്യം പകരുന്ന സ്നേഹവും സമാശ്വാസവും തിരിച്ചറിയുന്നത്. ഇപ്പോൾ ഞായറാഴ്ചകളിൽ അച്ചൻ വീട്ടിലെത്തി കുർബാന നൽകുന്ന നിമിഷത്തിനായി അവൻ പ്രാർത്ഥനയോടെ കാത്തിരിക്കുകയാണ്. അതാണ് ഇന്നവന്റെ ബലം. 'തൊട്ടടുത്ത് ഈശോ ഉണ്ടായിട്ടും അവിടുത്തെ സ്വീകരിക്കാൻ എനിക്കായില്ല, ഇപ്പോഴിതാ ഈശോ എന്നെ തേടിവരുന്നു......' അവന്റെ ഈ വാക്കുകൾ നമുക്കും ഒരു തിരിച്ചറിവ് തന്നാൽ നന്നായി. കോവിഡിനെ തുടർന്ന് പള്ളികൾ അടച്ചപ്പോഴാണ് പലരും വി.കുർബാനയുടെ മഹത്ത്വം മനസിലാക്കിയത്.
ഇല്ലാതാകുമ്പോഴാണല്ലോ ഉള്ള പലതിന്റെയും വില മനുഷ്യൻ മനസിലാക്കുന്നത്.

**സത്താഭേദം വരുന്ന ആത്മാവും മനുഷ്യനും**

വി.കുർബാനയിൽ അപ്പവും വീഞ്ഞും യേശുവിന്റെ ശരീരവും രക്തവുമായി മാറുന്നതുപോലെ അതിൽ ഭാഗഭാക്കാവുന്ന നമുക്കും ഒരു സത്താഭേദം സംഭവിക്കേണ്ടതുണ്ട്. അപ്പോഴാണ് വി.കുർബാന എന്ന കൂദാശ നമ്മിൽ പൂർണമാകുന്നത്. അനുരഞ്ജനപ്പെട്ട്, പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനാകുന്നതാണ് ആ സത്താഭേദം. കേവലം യാന്ത്രികമായ അനുഷ്ഠാനങ്ങൾക്കൊണ്ട് അത് സംഭവിക്കുകയില്ല. യേശുവിനെ ആഹരിക്കുന്നയാൾ യേശുവായി മാറണം. ഒപ്പം കരുതലിന്റെ അപ്പമാകാനും കഴിയണം. പ്രവൃത്തി കൂടാതെയുള്ള വിശ്വാസം നിഷ്ഫലമാണെന്നറിയാമല്ലോ. കുർബാനയിലൂടെ നമ്മുടെ നന്മ പ്രവൃത്തികൾക്കുള്ള ഇന്ധനമായി അവിടുന്ന് മാറണം.

പ്രാണരക്ഷയ്ക്കായി മരുഭൂമിയിലൂടെ പലായനം ചെയ്ത ഏലിയ പ്രവാചകന് ദൈവം അപ്പം നൽകുന്നുണ്ട്. എഴുന്നേറ്റ് ഭക്ഷിക്കുക, അല്ലെങ്കിൽ യാത്ര ദുഷ്കരമായിരിക്കും (1 രാജ,19/7 ) എന്നാണ് ദൈവം പറയുന്നത്. അതു ഭക്ഷിച്ച ഏലിയ 40 രാവും 40 പകലും ക്ഷീണമില്ലാതെ നടന്ന് കർത്താവിന്റെ മലയായ ഹെറോബിലെത്തി.
ദൈവത്തിങ്കലേക്കുള്ള യാത്രയിൽ പാഥേയമാകേണ്ടത് ക്രിസ്തു തന്നെയാണ്. 'എഴുന്നേറ്റ് ഭക്ഷിക്കുക. അല്ലെങ്കിൽ യാത്ര ദുഷ്കരമായിരിക്കും.....'


▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com